بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

**ജുമുഅഃ ഖുത്വ്ബ**

**സംഗ്രഹം**

**17-10-2025**

# തബൂക്ക് യുദ്ധം

സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് (അയ്യദഹുല്ലാഹ്..) യു.കെ യിലെ മസ്ജിദ് മുബാറക്കിൽ വച്ച് നിർവഹിച്ചത്

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَ رَسُوۡلُہٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ - بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ -

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ الرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ نَعۡبُدُ وَ اِیَّاکَ نَسۡتَعِیۡنُ ○

اِہۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡہِمۡ ۬ۙ غَیۡرِ الۡمَغۡضُوۡبِ عَلَیۡہِمۡ وَ لَا الضَّآلِّیۡنَ ○

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ്യ, സൂറത്തുൽ ഫാത്തിഹ എന്നിവ പാരായണം ചെയ്ത ശേഷം ഹുസൂർ അൻവർ (അയ്യദഹുല്ലാഹ്..) പ്രസ്താവിച്ചു:

കഴിഞ്ഞ ഖുതുബയിൽ തബൂക്ക് യുദ്ധത്തെക്കുറിച്ച് സംക്ഷിപ്തമായി വിവരിച്ചിരുന്നു. അതിനെക്കുറിച്ച് കൂടുതൽ വിശദാംശങ്ങൾ ഞാൻ ഇന്ന് വിവരിക്കുന്നതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) തബൂക്ക് യുദ്ധത്തിന്റെ പശ്ചാത്തലം വിശദീകരിച്ചുകൊണ്ട് ഇപ്രകാരം പറയുന്നു:

നബിതിരുമേനി (സ) മക്ക കീഴടക്കിയ സമയത്ത് അവിടെ ഖസ്റജ് ഗോത്രക്കാരനായ അബൂ ആമിർ മദനി എന്ന ഒരുവ്യക്തിയുണ്ടായിരുന്നു. ജൂതന്മാരുമായും ക്രിസ്ത്യാനികളുമായും ബന്ധമുണ്ടായിരുന്നതിനാൽ ദിക്റുകളും (ദൈവ സ്മരണകളും) മറ്റു കർമങ്ങളും പതിവാക്കിയിരുന്നതിനാൽ ആളുകൾ അയാളെ റാഹിബ് (പുരോഹിതൻ) എന്ന് വിളിച്ചിരുന്നു. എന്നാൽ മതപരമായി ക്രിസ്ത്യാനി അല്ലായിരുന്നു. നബിതിരുമേനി (സ) മദീനയിൽ എത്തിയ ശേഷം ഈ വ്യക്തി മക്കയിലേക്ക് ഓടിപ്പോയിരുന്നു. മക്കയും കീഴടക്കപ്പെട്ടപ്പോൾ, ഇസ്‌ലാമിനെതിരെ കുഴപ്പങ്ങളുണ്ടാക്കാൻ തനിക്ക് ഇനി മറ്റെന്തെങ്കിലും തന്ത്രം മെനയേണ്ടിവരുമെന്ന് അയാൾ ചിന്തിക്കാൻ തുടങ്ങി. ഒടുവിൽ, അയാൾ തന്റെ പേരും പെരുമാറ്റങ്ങളും മാറ്റി, മദീനയുടെ അടുത്തുള്ള ഖുബാ എന്ന് പേരുള്ള ഗ്രാമത്തിൽ ചെന്ന് താമസിക്കാൻ തുടങ്ങി. വർഷങ്ങളോളം പ്രവാസിയായി കഴിഞ്ഞതിനാൽ മദീനയിലെ സാധാരണക്കാർക്ക് അയാളെ തിരിച്ചറിയാൻ സാധിച്ചില്ല.

ഇയാൾ മദീനയിലെ മുനാഫിഖുകളുമായി ചേർന്ന് ഒരു പദ്ധതി ആസൂത്രണം ചെയ്തു: ഞാൻ സിറിയയിൽ പോയി ക്രിസ്ത്യൻ ഭരണകൂടത്തെയും അറബികളായ ക്രിസ്ത്യൻ ഗോത്രങ്ങളെയും പ്രകോപിപ്പിക്കുകയും മദീനയെ ആക്രമിക്കാൻ അവരെ പ്രേരിപ്പിക്കുകയും ചെയ്യാം. ഇവിടെ നിങ്ങൾ സിറിയയിലെ സൈന്യംമദീനയെ ആക്രമിക്കാൻ ഒരുങ്ങുകയാണെന്ന് പ്രചരിപ്പിച്ചു തുടങ്ങിക്കോളൂ.

ലഭ്യമായ വാർത്തകളുടെ അടിസ്ഥാനത്തിൽ നബി തിരുമേനി (സ) ഒരു നിഗമനത്തിലെത്തി: റോമക്കാരെ നേരിടുന്നതിൽ കാലതാമസം വരുത്തിയാൽ അതിന്റെ നാശനഷ്ടങ്ങൾ ഭീമമായിരിക്കും. അതുകൊണ്ട് റോമക്കാർക്ക് ആക്രമിക്കാൻ അവസരം നല്കാതെ, അവരുടെ

പ്രദേശത്ത് ചെന്ന് അവർക്കെതിരെ ഒരു നിർണായക യുദ്ധം നടത്താൻ അവിടുന്ന് തീരുമാനിച്ചു.

നബിതിരുമേനി (സ) സാധാരണയായി സൈനിക നീക്കങ്ങൾ രഹസ്യമായി വയ്ക്കാറുണ്ടായിരുന്നു. എന്നാൽ ഖൈബർ യുദ്ധത്തിന് ശേഷം, തബൂക്ക് യുദ്ധം അവിടുന്ന് പരസ്യമായി പ്രഖ്യാപിച്ചു. വഴിയിലെ ബുദ്ധിമുട്ടുകളെക്കുറിച്ചും ശത്രുക്കളുടെ ബാഹുല്യത്തെക്കുറിച്ചും മുൻകൂട്ടി അറിയിച്ചുകൊണ്ട് അവിടുന്ന് ഒരുങ്ങാൻ നിർദേശിച്ചു.

ആ സമയത്ത് മദീന കടുത്ത ക്ഷാമം നേരിടുകയായിരുന്നു. ആളുകൾ തങ്ങളുടെ വിളകൾ ശേഖരിക്കുന്നതിന്റെ ചിന്തയിലും ഒരുക്കത്തിലുമായിരുന്നു. അപ്പോഴാണ് ജിഹാദിന് (യുദ്ധത്തിന്) പുറപ്പെടാനുള്ള പ്രഖ്യാപനം വന്നത്. അതിനുപുറമേ കഠിനമായ ചൂടുകാലവും, നൂറ് കണക്കിന് മൈലുകൾ താണ്ടിയുള്ള യാത്രയും യാത്രാവിഭവങ്ങളുടെ ദൗർലഭ്യവും. ഈ പ്രശ്നങ്ങളെല്ലാം നിലനിൽക്കെ, നബിതിരുമേനി (സ) ജിഹാദിന് ആഹ്വാനം ചെയ്തപ്പോൾ, ആത്മാർഥതയുടെയും വിശ്വസ്തതയുടെയും ആൾരൂപങ്ങളായ ഈ വിശ്വസ്ത ഭക്തന്മാർ, യാത്രക്കൊരുങ്ങി.

അവിടുന്ന് ധനികരോട് അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കാവൻ ആവശ്യപ്പെട്ടപ്പോൾ ഏറ്റവും ആദ്യം ഹദ്റത്ത് അബൂബക്കർ സിദ്ദീഖ് (റ)തന്റെ വീട്ടിലെ മുഴുവൻ സമ്പത്തുംകൊണ്ടുവന്നു. ഹദ്റത്ത് ഉസ്മാൻ(റ) മുന്നൂറ് സുസജ്ജമായ ഒട്ടകങ്ങൾ, അവയുടെ പല്ലക്കുകളും ജീനിപ്പലകകളുമടക്കം ആ യുദ്ധത്തിനായി സമർപ്പിച്ചു. നബിതിരുമേനി (സ) ഇപ്രകാരം പറഞ്ഞു: ഇതിനു ശേഷം ഉസ്മാൻ എന്ത് പ്രവർത്തിച്ചാലും അതിന്റെ പേരിൽ അദ്ദേഹത്തിന്മേൽ യാതൊരു പിടുത്തവുമുണ്ടാകില്ല. മറ്റൊരു നിവേദന പ്രകാരം ഹദ്റത്ത് ഉസ്മാൻ (റ) ആയിരം ദീനാർ സമർപ്പിച്ചു. ഒരു നിവേദനം അനുസരിച്ച്, അദ്ദേഹം ഈ യുദ്ധത്തിന്റെ ഒരുക്കങ്ങൾക്കായി ആയിരം ഒട്ടകങ്ങളും എഴുപത് കുതിരകളും സമർപ്പിച്ചു.

ഒരു നിവേദനമനുസരിച്ച് ഹദ്റത്ത് അബ്ദുറഹ്മാൻ ബിൻ ഔഫ് (റ) നൂറ് ഊഖിയ വെള്ളി സമർപ്പിച്ചു. ചില റിപ്പോർട്ടുകൾ അനുസരിച്ച് ഇരുനൂറ് ഊഖിയ വെള്ളി സമർപ്പിച്ചു. ഒരു നിവേദനത്തിൽ, നാനൂറ് ഊഖിയ സ്വർണം സമർപ്പിച്ചു എന്നും വന്നിട്ടുണ്ട്.

അല്ലാഹു തആലായുടെ വലിയ അനുഗ്രഹമാണ് സാമ്പത്തിക ത്യാഗങ്ങളുടെ പ്രാധാന്യം അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കുന്നു എന്നത്. ഞാൻ പല സംഭവങ്ങളും വിവരിക്കാറുണ്ട്. ചിലർ യഥാർഥത്തിൽ തങ്ങളുടെ കൈവശമുള്ളതെല്ലാം ബലിയർപ്പിക്കാറുണ്ട്. ധനികരായ ആളുകളും കഴിവുള്ളവരും ഹദ്റത്ത് അബൂബക്കർ (റ), ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഉസ്മാൻ(റ) എന്നിവരുടെ മാതൃകകൾ മുന്നിൽ വയ്ക്കുകയും തങ്ങളുടെ ത്യാഗങ്ങളുടെ നിലവാരം ഉയർത്തുകയും വേണം. അല്ലാഹു തആലായുടെ അനുഗ്രഹത്താൽ, ഉയർന്ന നിലവാരത്തിലുള്ള ത്യാഗം ചെയ്യുന്ന ധാരാളം ധനികരുമുണ്ട്.

ചില ദരിദ്രരായ സ്വഹാബികളോ സ്വഹാബി വനിതകളോ ഒന്നോ രണ്ടോ മുദ്ദ് ധാന്യം സമർപ്പിച്ചപ്പോൾ മുനാഫിഖുകൾ അവരെ പരിഹസിച്ചുകൊണ്ട് ഒരുപിടി ധാന്യം കൊണ്ട് ഇവർ കൈസറിനെ തോൽപ്പിക്കുമോ എന്നു പറയുമായിരുന്നു.

ഈ സന്ദർഭത്തിൽ സ്ത്രീകളും തങ്ങളുടെ ആഭരണങ്ങൾ സമർപ്പിച്ചുകൊണ്ട് ധനത്യാഗത്തിൽ ഭാഗഭാക്കായി. മുനാഫിഖുകളും തങ്ങളുടെ എല്ലാ ശക്തിയും ഉപയോഗിച്ചുകൊണ്ട് മുസ്ലീങ്ങളെ യുദ്ധത്തിൽ ഭാഗഭാക്കകുന്നതിൽ നിന്ന് തടയാൻ ശ്രമിച്ചു. കഠിനമായ ചൂടാണ്, നിങ്ങൾ നേരിടാൻ പോകുന്ന സൈന്യം വളരെ ശക്തരാണ്. എന്നൊക്കെ മുനാഫിഖുകൾ പറഞ്ഞുകൊണ്ടിരുന്നു. മദീനയിലെ ജനസംഖ്യയുടെ ഭൂരിഭാഗവും കൃഷിക്കാരായിരുന്നു. അവരുടെ വിളവുകൾ കൊയ്ത്തിനു തയ്യാറായിരുന്നു എന്നിട്ടും മുനാഫിഖുകളുടെ ഈ പ്രചാരണം ഉയർന്ന നിലവാരത്തിലുള്ള, ആത്മാർഥതയുള്ള സത്യവിശ്വാസികളിൽ യാതൊരു സ്വാധീനവും ചെലുത്തിയില്ല.

നിവേദനങ്ങൾ അനുസരിച്ച്, ഈ ആളുകൾ തിരുമേനി (സ) യുടെ സന്നിധിയിൽ ഹാജരായി യു

ദ്ധത്തിന് പോകാതിരിക്കാൻ എന്തൊക്കെയോ ഒഴിവുകഴിവുകൾ പറഞ്ഞ് അതിനുള്ള അനുവാദം ചോദിച്ചു. അവിടുന്ന് അവർക്ക് അനുവാദം നല്കി.

അല്ലാഹു തആലാ ഖുർആനിൽ മുനാഫിഖുകളുടെ ഈ ഒഴിവുകഴിവുകളുടെയെല്ലാം മറ നീക്കിക്കൊണ്ട് ഇപ്രകാരം പറയുന്നു:

അകലം കുറവും യാത്ര എളുപ്പമുള്ളതുമായിരുന്നെങ്കിൽ അവർ തീർച്ചയായും നിന്റെ പിന്നാലെ വരുമായിരുന്നു, പക്ഷെ അവരെ സംബന്ധിച്ചിടത്തോളം ക്ലേശം അനുഭവിക്കുക അസഹനീയമാണ്. ഞങ്ങൾക്ക് സാധിച്ചിരുന്നെങ്കിൽ ഞങ്ങൾ തീർച്ചയായും നിങ്ങളുടെ കൂടെ പുറപ്പെടുമായിരുന്നു എന്ന് പറഞ്ഞ് അവർ ഉറപ്പായും അല്ലാഹുവിൽ സത്യം ചെയ്യും. അവർ തങ്ങളെത്തന്നെ നശിപ്പിക്കുകയാണ്. അവർ കളവ് പറയുന്നവരാണെന്ന് അല്ലാഹുവിന് അറിയാം. അല്ലാഹു താങ്കൾക്ക് മാപ്പു നല്കട്ടെ. സത്യം പറഞ്ഞവർ ആരെന്ന് താങ്കൾക്ക് വ്യക്തമാകാനും കളവ് പറഞ്ഞവരെ തിരിച്ചറിയാനും കഴിയുന്നതുവരെ എന്തിനാണ് താങ്കൾ അവർക്ക് അനുവാദം നൽകിയത്? അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവർ തങ്ങളുടെ സമ്പത്ത് കൊണ്ടും ശരീരം കൊണ്ടും ജിഹാദ് ചെയ്യുന്നതിൽ നിന്ന് താങ്കളോട് ഇളവു ചോദിക്കില്ല. അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെ നന്നായി അറിയുന്നവനാണ്. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കാത്തവരും ഹൃദയങ്ങളിൽ സംശയമുള്ളവരുമാണ് നിന്നോട് ഇളവു ചോദിക്കുന്നത്. അവർ തങ്ങളുടെ സംശയത്തിൽ അലഞ്ഞുതിരിയുകയാണ്. അവർ യുദ്ധത്തിന് പുറപ്പെടാൻ ഉദ്ദേശിച്ചിരുന്നെങ്കിൽ അതിനുള്ള ഒരുക്കങ്ങൾ ചെയ്യുമായിരുന്നു. എന്നാൽ, അവർ ഈ മഹത്തായ ഉദ്ദേശത്തിനായി പുറപ്പെടുന്നത് അല്ലാഹു ഇഷ്ടപ്പെട്ടില്ല. അതിനാൽ, അവൻ അവരെ ഉള്ളിടത്തു തന്നെ നിർത്തി. വെറുതെ ഇരിക്കുന്നവരോടൊപ്പം നിങ്ങൾ ഇരുന്നുകൊള്ളുക എന്ന് അവരോട് പറയപ്പെട്ടു. അവർ നിങ്ങളുടെ കൂട്ടത്തിൽ പുറപ്പെട്ടിരുന്നെങ്കിൽ കുഴപ്പങ്ങളല്ലാതെ മറ്റൊന്നും വർദ്ധിപ്പിക്കില്ലായിരുന്നു. നിങ്ങൾക്കിടയിൽ കുഴപ്പമുണ്ടാക്കാൻ വേണ്ടി അവർ തിരക്കിട്ട് ഓടുമായിരുന്നു. അവരുടെ സംസാരം ശ്രദ്ധിക്കുന്ന ആളുകൾ നിങ്ങളുടെ കൂട്ടത്തിലുമുണ്ട്. അല്ലാഹു അക്രമികളെ നന്നായി അറിയുന്നവനാണ്. തീർച്ചയായും ഇതിന് മുൻപും അവർ കുഴപ്പങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുകയും താങ്കളുടെ മുന്നിൽ കാര്യങ്ങൾ തലകീഴായി അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. അങ്ങനെ സത്യം വന്നെത്തുകയും അല്ലാഹുവിന്റെ വിധി പ്രകടമാകുകയും ചെയ്തു, അവരത് വെറുത്തിരുന്നെങ്കിലും.

ഇതിന്റെ ബാക്കി വിശദാംശങ്ങൾ ഇൻശാ അല്ലാഹ്, അടുത്ത ഖുതുബയിൽ ഞാൻ വിവരിക്കുന്നതാണ്.

കഴിഞ്ഞ ഖുതുബയിൽ ഞാൻ റബ്‌വയിലെ മസ്ജിദിലുണ്ടായ ആക്രമണത്തെക്കുറിച്ച് സൂചിപ്പിച്ചിരുന്നു. മുറിവേറ്റ അഹ്മദികളായ ഖുദ്ദാമുകൾക്ക് വേണ്ടി ദുആ ചെയ്യുക. അല്ലാഹു എല്ലാവർക്കും പൂർണാരോഗ്യം നല്കുമാറാകട്ടെ. എല്ലാ സങ്കീർണതകളിൽ നിന്നും അല്ലാഹു അവരെ രക്ഷിക്കട്ടെ. ഇപ്പോൾ മൂന്ന് ഖുദ്ദാമുകൾക്ക് ഗുരുതരമായി പരിക്കേറ്റിട്ടുണ്ട്. അതിനാൽ അവർ ഇപ്പോഴും ആശുപത്രിയിൽ തന്നെ തുടരുകയാണ്. ബാക്കിയുള്ള അഞ്ചുപേരെ ചികിത്സ നല്കി വീട്ടിലേക്ക് അയച്ചിട്ടുണ്ട്. എങ്കിലും, അവരുടെ മുറിവുകൾ ഉണങ്ങാൻ സമയമെടുക്കും. അല്ലാഹു എല്ലാവർക്കും പൂർണ സൗഖ്യം നല്കട്ടെ. ഭാവിയിൽ എല്ലാ ദോഷങ്ങളിൽ നിന്നും നഷ്ടങ്ങളിൽ നിന്നും ജമാഅത്തിലെ അംഗങ്ങളെ എല്ലായിടത്തും രക്ഷിക്കട്ടെ.

ഖുത്ബയുടെ അവസാന ഭാഗത്ത് ഹുസൂർ തിരുമനസ്സ് മാർഷ്യൽ ദ്വീപിൽ നിന്നുള്ള സാം അലി നൈന സാഹിബ് എന്ന മർഹൂമിനെ അനുസ്മരിക്കുകയും അദ്ദേഹത്തിന്റെ ജനാസാ ഗായിബ് നമസ്കാരം നിർവഹിക്കുന്നതാണ് എന്ന് പ്രഖ്യാപിക്കുകയും ചെയ്തുകൊണ്ട് പറഞ്ഞു: അല്ലാഹു തആലാ അദ്ദേഹത്തോട് മഗ്ഫിറത്തിത്തോടും കാരുണ്യത്തോടും കൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ കുടുംബത്തിലെ ചിലർ അഹ്മദികളല്ലാത്തവരുണ്ട്. അദ്ദേഹത്തിന്റെ തലമുറയിൽ പെട്ട അവരും അഹ്മദികളാകാൻ അല്ലാഹു തൗഫീഖ് നല്കട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ
بِهٖ وَ نَتَوَكَّلُ عَلَيْهِ وَ نَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ
مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ
يُضْلِلْهُ فَلَا هَادِيَ لَهٗ۔ وَنَشْهَدُ اَنْ لَّآ اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ
مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ۔ عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ
بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِي الْقُرْبٰى وَ يَنْهٰى عَنِ الْفَحْشَاءِ
وَ الْمُنْكَرِ وَ الْبَغْيِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ
يَذْكُرْكُمْ وَادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ۔


**FRIDAY SERMON SUMMARY** DELIVERED BY**HAZRAT KHALIFATUL MASIH V(ATBA)**

ISLAMABAD UK ON 17.10.2025

SUMMARIZED BY MAJLIS ANSARULLAH BHARAT

MALAYALAM TRANSLATION BY AMNAS PK

FOR MALAYALAM DESK, QADIAN

PUBLISHED BY NAZARAT NASHR-O-ISHAAT,

SADR ANJUMAN AHMADIYYA QADIAN 143516